# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 3823
### 15.03.2017 ലെ മറുപടിയ്ക്ക്

### ട്രഷറികളിൽ കോർബാങ്കിംഗ്

| | ചോദ്യം | ഉത്തരം |
|---|---|---|
| | ശ്രീ. ടി.വി.ഇബ്രാഹിം | ബഹുമാനപ്പെട്ട ധനകാര്യവും കയറും വകുപ്പ് മന്ത്രി<br>ശ്രീ. റ്റി. എം. തോമസ് ഐസക്ക് |
| (എ) | സംസ്ഥാനത്തെ ട്രഷറികളിൽ കോർബാങ്കിംഗ് സിസ്റ്റം നടപ്പാക്കൽ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടോ; അറിയിക്കാമോ; | സംസ്ഥാനത്തെ എല്ലാ ട്രഷറികളിലും കോർബാങ്കിംഗ് സംവിധാനം ഏർപ്പെടുത്തിക്കഴിഞ്ഞു. ഇതിന്റെ പൂർത്തീകരണ പ്രഖ്യാപനം 23.2.2017 ൽ ബഹു.മുഖ്യമന്ത്രി നിർവ്വഹിച്ചു |
| (ബി) | കോർബാങ്കിംഗ് സംവിധാനത്തിലേക്ക് മാറുമ്പോൾ ട്രഷറി ജീവനക്കാരുടെ ജോലി ഭാരത്തിൽ വ്യത്യാസം ഉണ്ടാകുമോ; ജീവനക്കാർക്ക് ഇതുമായി ബന്ധപ്പെട്ട പരിശീലനങ്ങൾ നൽകിയിട്ടുണ്ടോ; | കോർബാങ്കിംഗ് സംവിധാനത്തിലേക്ക് മാറുമ്പോൾ ട്രഷറി ജീവനക്കാരുടെ ജോലിഭാരത്തിൽ ആനുപാതികമായ വ്യത്യാസം ഉണ്ടായിട്ടുണ്ട്. ജീവനക്കാർക്ക് ഇതുമായി ബന്ധപ്പെട്ട് പരിശീലനം നൽകിയിട്ടുണ്ട്. |
| (സി) | കോർബാങ്കിംഗ് നടപ്പാക്കുന്നതിന്റെ ഭാഗമായി ട്രഷറികളിൽ എ.ടി.എം. കൗണ്ടറുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | 14.12.2012 ലെ G.O(Rt) No.10460/12/Fin ഉത്തരവ് പ്രകാരം സംസ്ഥാനത്തെ 4 ട്രഷറികളിൽ ATM സംവിധാനം ഏർപ്പെടുത്താൻ സർക്കാർ ഭരണാനുമതി ഉത്തരവ് നൽകിയിരുന്നു. എന്നാൽ പ്രസ്തുത തീരുമാനം വഴി നടപ്പിലാക്കുന്ന Stand Alone ATM-കൾ ഇടപാടുകാർക്ക് ഏറെ ഗുണപ്രദമാകില്ലയെന്ന കാരണത്താൽ സംസ്ഥാനത്തെ ട്രഷറികളിൽ എ.ടി.എം സംവിധാനം ഏർപ്പെടുത്തുന്നത് നിലവിൽ പരിഗണനയിലില്ല. എന്നാൽ ട്രഷറി അക്കൗണ്ടുകളിലുള്ള പണം, അക്കൗണ്ട് ഉടമകൾക്ക് യഥേഷ്ടം ബാങ്ക് അക്കൗണ്ടുകളിലേക്ക് മാറ്റുന്നതിനും അതുവഴി ബാങ്ക് എ.ടി.എം. ലൂടെ തുക പിൻവലിക്കുന്നതിനുള്ള സൗകര്യം നടപ്പിലാക്കാനുമുള്ള നിർദ്ദേശം ഈ സർക്കാരിന്റെ പരിഗണനയിലുണ്ട്. |

സെക്ഷൻ ഓഫീസർ